# മെത്രാപ്പോലീത്തായുടെ കത്ത്

(മാർച്ച് 2015)



**കർത്താവിൽ പ്രിയരേ,**

രൂപാന്തരപ്പെടുത്തുന്നതും നവീകരിക്കുന്നതുമായ ദൈവവചനത്തിന്റെ പ്രഘോഷണങ്ങളാൽ ധന്യമായ നാളുകളായിരുന്നു ഫെബ്രുവരി 8-ാം തീയതി മുതൽ 15-ാം തീയതിവരെ നടന്ന ഈ വർഷത്തെ മാരാമൺ കൺവൻഷൻ നാളുകൾ. വലിയവനായ ദൈവത്തിന്റെ അനുഗ്രഹവർഷത്തിൽ, കൃപതുളുമ്പുന്നതായ പ്രഭാഷണങ്ങളും അനുഗൃഹീതമായ കാലാവസ്ഥയും കൺവൻഷനു ഏറെ ധന്യത പകർന്നു എന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ദക്ഷിണാഫ്രിക്കൻ മെതഡിസ്റ്റ് കൗൺസിലിന്റെ അദ്ധ്യക്ഷനായ ബിഷപ്പ് സിഫോ ഡി സിവയുടെയും ശ്രീലങ്കയിലെ ആംഗ്ലിക്കൻ വൈദികനായ റവ. ഡോ. ദുഷന്ത റൊഡ്രിഗോയുടെയും നമ്മുടെ സഭയുടെ ചിരകാലസുഹൃത്തായ ഡോ. സാം ടി. കമലേശന്റെയും സാന്നിദ്ധ്യവും പ്രസംഗങ്ങളും സ്നേഹോഷ്മളവും ചിന്തോദ്ദീപകവുമായിരുന്നു. ആകമാന സുറിയാനിസഭയുടെ പരമാദ്ധ്യക്ഷൻ അന്ത്യോക്യാ സിംഹാസനത്തിന്റെ മോറോൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയാർക്കീസ് ബാവാ തിരുമേനി ഫെബ്രുവരി 13-ാം തീയതി മാരാമൺ കൺവൻഷനിൽ പങ്കെടുത്ത് സാന്നിദ്ധ്യം കൊണ്ടും സന്ദേശം കൊണ്ടും അനുഗ്രഹിച്ച സന്ദർഭം പൗരാണികതയും ആധുനികതയും കൂട്ടിയിണക്കുന്ന അനർഘ നിമിഷങ്ങളായിരുന്നു. മലങ്കരസഭയും അന്ത്യോക്യാസിംഹാസനവുമായുള്ള ഹൃദ്യമായ ബന്ധം അനുസ്മരിച്ചുകൊണ്ട് വിശ്വാസാചാരനടപടികൾ ഹൃദ്യമായി നിലനിർത്തിക്കൊണ്ടു തന്നെ ഏതെല്ലാം മേഖലകളിൽ സഭൈക്യത്തിന്റെ സാധ്യതകൾ കണ്ടെത്താൻ കഴിയുമെന്ന് അഭിവന്ദ്യ പാത്രിയാർക്കീസ് ബാവ ആരായുകയുണ്ടായി. സഭകൾ തമ്മിലുള്ള ബന്ധത്തിലുളവായ തെറ്റിദ്ധാരണകൾ നീക്കി ഒരുമയുടെ സാധ്യതകൾ ആരായുന്നതിനായി ഒരു കമ്മീഷൻ ഇപ്പോൾ ഇരുസഭകളും ചേർന്നു രൂപീകരിച്ചിട്ടുണ്ട്. ദൈവം നടത്തിയ വഴികളെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് വിനയപൂർവ്വം ഒരുമിച്ചു നടപ്പാൻ ദൈവം ഇരുസഭകൾക്കും കൃപ പകരട്ടെ എന്നു പ്രാർത്ഥിക്കാം. അന്ത്യോക്യ സഭയുമായുള്ള ബന്ധത്തിന്റെ മുൻകാലചരിത്രത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ 120-ാമതു മാരാമൺ കൺവൻഷൻ നടന്ന 2015 എന്ന ഈ സംവത്സരത്തിനു ഏറെ പ്രാധാന്യമുണ്ട്. കാരണം ഏ.ഡി. 1665 സഭാചരിത്രത്തിലെ സുപ്രധാനമായ ഒരു സംവത്സരമാണ്. കൂനൻ കുരിശ് സത്യത്തിനുശേഷം അന്ത്യോക്യാ പാത്രിയാർക്കീസിന്റെ പ്രതിനിധി യെരുശലേമിലെ മെത്രാപ്പോലീത്താ മാർ ഗ്രിഗോറിയോസ് അബ്ദുൾ ജലീൽ കേരളത്തിൽ വന്ന് ഒന്നാം മാർത്തോമ്മായ്ക്ക് കൈവെയ്പ് നൽകിയത് അവിസ്മരണീയമായ ചരിത്രനിമിഷമത്രെ. 2015 ആ മഹനീയ ചരിത്രസംഭവത്തിന്റെ 350-ാം വാർഷിക സന്ദർഭമാണ്. ഇന്നെയോളം നടത്തിയ ദൈവത്തിനു സ്തോത്രയാഗം അർപ്പിക്കുന്നു.

2015 ഫെബ്രുവരി 8 വ്യക്തിപരമായി നമ്മെ സംബന്ധിച്ചും ദൈവകൃപയെ അനുസ്മരിക്കേണ്ട പ്രത്യേകദിനമത്രെ. മാർത്തോമ്മാ സഭയുടെ എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് പ്രവേശിച്ചിട്ട് അന്ന് 40 സംവത്സരങ്ങൾ പൂർത്തിയായി; അഞ്ചാം ദശകത്തിലേക്ക് പ്രവേശിപ്പാൻ ദൈവം കൃപ പകർന്നിരിക്കുന്നു. മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പ്രവേശിച്ചിട്ട് 7 വർഷം പൂർത്തിയായി. സഭാശുശ്രൂഷയിലേക്ക് പ്രവേശിച്ചിട്ട് 57 വർഷം പിന്നിട്ട് 58-ാം വർഷത്തിലേക്കു പ്രവേശിപ്പാൻ ദൈവം കൃപനൽകിയതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. സഭാശുശ്രൂഷയ്ക്കായി ജീവിതം വേർതിരിച്ച്, വൈദികസെമിനാരിയിൽ ചേർന്നിട്ട് ഈ ജൂണിൽ 60 വർഷം പൂർത്തിയാകും. തിരിഞ്ഞു നോക്കുമ്പോൾ പൂർണ്ണവിശ്വാസത്തോടും ഉറപ്പോടും കൂടി പറയുവാൻ കഴിയും - വിളിച്ചവൻ വിശ്വസ്തൻ. “എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു” എന്ന അപ്പോസ്തലനായ വിശുദ്ധ പൗലോസിന്റെ അനുഭവസാക്ഷ്യം നമ്മുടെയും സാക്ഷ്യമാക്കിമാറ്റിയ ദൈവകൃപയ്ക്ക് സ്തോത്രം കരേറ്റുന്നു. എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടപ്പോൾ അന്ന് ഓർത്തഡോക്സ് സഭയുടെ കൊല്ലം ഭദ്രാസനാധിപനായിരുന്ന കാലം ചെയ്ത അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ (പിന്നീട് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതിയൻ കാതോലിക്ക ബാവ) പറഞ്ഞ ആശംസ ഇപ്രകാരമായിരുന്നു “എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് വിളിക്കപ്പെട്ടിരിക്കുന്നതിൽ വളരെയധികം സന്തോഷമുണ്ട്, എന്നാൽ നിയോഗത്തിലേക്കുള്ള പ്രവേശനത്തിന്റെ വഴികളിൽ കടന്നുപോയ ഘട്ടങ്ങളെക്കുറിച്ചോർക്കുമ്പോൾ മനസ്സു നോവുന്നു”.

അഭിവന്ദ്യ ഡോ. യൂഹാന്നോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ‘ഐറേനിയസ്’ എന്ന നാമധേയം നൽകിക്കൊണ്ട് എനിക്കെഴുതിയ ഒരു ആശംസയിൽ രേഖപ്പെടുത്തിയ വാക്കുകൾ ഇന്നും ഒരു വഴിവിളക്കാണ്; നമുക്കു തളരാതെ മുന്നോട്ടുപോകുവാൻ ഒരു പ്രചോദനമാണ്. തിരുമേനി കുറിച്ചുതന്ന പ്രബോധനമിതാണ്–“ഭ്രാന്തുപിടിപ്പിക്കുന്ന സാഹചര്യങ്ങളിലേക്കിറങ്ങുവാൻ തയ്യാറായിക്കൊള്ളുക. കാറ്റി

നാലും കോളിനാലും പ്രക്ഷുബ്ധവും ശബ്ദമുഖരിതവുമായ അനുഭവങ്ങളുടെ മധ്യത്തിലും ഉറച്ചുനിന്നു ദൈവം നല്ലവൻ എന്നു തിരിച്ചറിഞ്ഞ് മുന്നോട്ടുപോകുക". തുടർന്നും ഉറച്ചുനിന്നു മുന്നോട്ടു പോകുവാനുള്ള ബലം പ്രാപിക്കേണ്ടതിന് ദൈവകൃപയ്ക്കായി ഏവരും പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ.

രാഷ്ട്രീയമേഖല ഇന്ന് നിരന്തരം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. ആരോപണ പ്രത്യാരോപണങ്ങളുടെ സമൃദ്ധിയാണ് രാഷ്ട്രത്തിന്റെ അഭിവൃദ്ധിക്ക് ഇന്ന് ഏറെ ഭീഷണിയായിക്കൊണ്ടിരിക്കുന്നത്. വാഗ്ദാനപ്പെരുമഴകൊണ്ടും തന്ത്രങ്ങൾകൊണ്ടും രാഷ്ട്രത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ല എന്ന ജനങ്ങളുടെ തിരിച്ചറിവിൽ നിന്നും രൂപപ്പെട്ടതാണ് ഡൽഹിയിലെ ജനവിധി. ഭൂരിപക്ഷം ലഭിക്കുമ്പോൾ ഉണ്ടാകാവുന്ന അഹങ്കാരത്തിന്റെ പ്രകടനങ്ങൾക്കെതിരായുള്ള ഒരു വിധിയെഴുത്തുകൂടിയാണിത്. മതേതരദർശനം ഭാരതീയ സംസ്കാരത്തിന്റെ അടിത്തറയാണ്. ആ അടിത്തറ ഇളക്കാനുള്ള ശ്രമങ്ങൾ ആരുടെ ഭാഗത്തു നിന്നുണ്ടായാലും അതു തടായാനുള്ള ധാർമ്മികവും ഭരണഘടനാനുസൃതവുമായ അധികാരമുള്ള ഭരണകർത്താക്കൾ ധർമ്മം മറന്ന് മൗനം ഭജിച്ചാൽ ജനങ്ങൾ തങ്ങളുടെ മൗനം ഭഞ്ജിക്കും എന്നതിന്റെ തെളിവായി ഈ ജനവിധിയെ കണക്കാക്കേണ്ടിയിരിക്കുന്നു. 'ഘർവാപസി' പോലുള്ള തെറ്റിദ്ധാരണ ജനിപ്പിക്കുന്ന മുദ്രാവാക്യങ്ങൾ ആവിഷ്കരിച്ചവർ സ്വയം ചോദിക്കേണ്ട ചോദ്യമിതാണ് - ഏതു ഭവനത്തിലേക്കാണ് തിരികെക്കൊണ്ടുപോകുവാൻ ശ്രമിക്കുന്നത്? എന്ന്. ജാതിമതവർഗ്ഗ ഉച്ചനീചത്വങ്ങൾ മനുഷ്യനെ മനുഷ്യനിൽ നിന്നും അകറ്റിനിർത്തുകയും, ഒരുകൂട്ടരെ അടിമകളായിക്കാണുകയും ചെയ്ത കാലഘട്ടത്തിൽ, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റിനിർത്തപ്പെട്ടിരുന്നവർക്ക് അക്ഷരത്തിന്റെ വെളിച്ചം നൽകി വിദ്യാഭ്യാസം ലഭ്യമാക്കിയതിൽ ക്രിസ്തീയ മിഷനറിമാർ വഹിച്ച പങ്ക് നിസ്തുല്യമാണ് എന്നത് ഒരു ചരിത്രസത്യമത്രെ. ഇങ്ങനെ മാന്യമായ ജീവിതം തങ്ങൾക്കും സാധ്യമാണ് എന്ന തിരിച്ചറിവിലേക്ക് വന്ന സഹോദരങ്ങളെ തിരികെ വിളിക്കുന്നത് ഉച്ചനീചത്വങ്ങളും മാനവീകതയെ വികലമാക്കുന്ന കെണികളുമുള്ള പഴയ അവസ്ഥയിലേക്കാണോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. അധികാരസ്ഥാനത്തിരിക്കുന്നവർ മൗനം ദീക്ഷിച്ച് ഉത്തരവാദിത്തം മറന്ന് ഇത്തരം പ്രവണതകളെ പ്രോത്സാഹിപ്പിക്കുന്നത് രാഷ്ട്രപുരോഗതിക്ക് ഭീഷണിയാണ് എന്നുകൂടി തിരിച്ചറിയേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ മതേതരത്വവും മതസ്വാതന്ത്ര്യവും എന്നും നിലനിൽക്കണമെന്ന് പ്രഖ്യാപിച്ച പ്രധാനമന്ത്രിയുടെ പ്രസ്താവന അഭിലഷണീയമാണെങ്കിലും ആ പ്രസ്താവന പ്രയോഗത്തിലാക്കുവാൻ ശ്രമിക്കുമ്പോൾ മാത്രമാണ് രാഷ്ട്രത്തിനു അതു ആശ്വാസകരവും രാഷ്ട്രപുരോഗതിക്ക് അത്യന്താപേക്ഷിതവുമായിത്തീരുന്നത് എന്ന കാര്യത്തിൽ തർക്കമില്ല.

അഖിലലോക സഭാ കൗൺസിലിന്റെ നേതൃസ്ഥാനത്തേക്ക് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ശ്രീ. മാത്യൂസ് ജോർജ്ജ് ചുനക്കര നമ്മുടെ സഭാംഗമാണ് എന്നതിൽ ഏറെ അഭിമാനവും വളരെയധികം സന്തോഷവുമുണ്ട്. മാർത്തോമ്മാ യുവജനസഖ്യത്തിലൂടെയും എക്യുമെനിക്കൽ പ്രസ്ഥാനത്തിലൂടെയും കടന്നുവന്ന അദ്ദേഹം 119 രാഷ്ട്രങ്ങളിൽ നിന്നുള്ള സഭകളുടെ സംയുക്ത കൗൺസിലിന്റെ നേതൃസ്ഥാനത്താണ് ഏകാഭിപ്രായമായി എത്തിച്ചേർന്നത് എന്നതിലും സന്തോഷമുണ്ട്. നമ്മുടെ ജനങ്ങളെ രാഷ്ട്രവും സഭകളും ഏകാഭിപ്രായത്തിൽ അംഗീകരിക്കുന്നതും ആദരിക്കുന്നതും എന്നും അഭിമാനകരമത്രെ.

ലോകമനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്ന ഒരു സംഭവമത്രെ ഇസ്ലാമീകഭീകരർ അതിനിഷ്ഠൂരമായ രീതിയിൽ ഈജിപ്തുകാരായ ക്രിസ്ത്യാനികളെ കൊലപ്പെടുത്തിയ അതിദാരുണമായ സംഭവം. ഇറാക്കിന്റെ വടക്കൻ മേഖലകളിൽ 40-ൽ അധികം സൈനികരെ ചുട്ടുകരിച്ച സംഭവവും അടുത്തകാലത്ത് പുറത്തുവരികയുണ്ടായി. സ്നേഹം എന്നതാണ് സർവ്വമതസാരം. എന്നാൽ ദൈവത്തിന്റെ പേരിൽ ദൈവം സ്നേഹിക്കുന്നവരെ കൊന്നുതള്ളുന്നവർ അവരുടെ മതത്തിനും ശരിയായ മതവിശ്വാസികൾക്കും അപമാനമാണ് വരുത്തിവെയ്ക്കുന്നത് എന്നു തിരിച്ചറിയണം. ഇത്തരം പ്രവണതകൾക്കെതിരെ ഭരണകൂടങ്ങളും മതനേതൃത്വവും ജാഗ്രത പുലർത്തുന്നതോടൊപ്പം പൊതുജനമനഃസാക്ഷി ഉണർന്നു പ്രവർത്തിക്കേണ്ടതായിട്ടുമിരിക്കുന്നു.

ഗവൺമെന്റിന്റെ പെൻഷൻ പ്രായപരിധിക്കു വിധേയമായി മാർച്ച് 31 ന് ജോലിയിൽ നിന്നും വിരമിക്കുന്ന നമ്മുടെ സഭയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സഭയുടെ പേരിലുള്ള നന്ദിയും ആശംസകളും അറിയിക്കുന്നു. അദ്ധ്യാപകരുടെ ഏറ്റവും വലിയ സമ്പത്ത് ശിഷ്യസമ്പത്തു തന്നെയാണ്. തങ്ങൾ പഠിപ്പിച്ചവരുടെ ഉയർച്ച കണ്ട് സന്തോഷിക്കുവാൻ ലഭിക്കുന്ന സന്ദർഭങ്ങൾ എത്രയോ ആനന്ദദായകമാണ്. നമ്മുടെ മാനേജ്മെന്റിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി ചെയ്ത ശുശ്രൂഷയ്ക്കുള്ള അഭിനന്ദനം അറിയിക്കുന്നു.

നാം വലിയനോമ്പിന്റെ അനുഭവത്തിലേക്കും ധ്യാനങ്ങളിലേക്കും പ്രവേശിക്കുകയാണ്. ജീവനെ യഥാസ്ഥാനപ്പെടുത്തുന്ന വിശ്വാസമെന്തെന്ന് നമ്മെ പഠിപ്പിക്കുന്ന വേദഭാഗമാണ് ചിന്താവിഷയമായി നാം ധ്യാനിക്കുന്നത്. പക്ഷവാതക്കാരനെ ഒരു കിടക്കയിൽ എടുത്തുകൊണ്ടു വന്ന് യേശുവിന്റെ അടുക്കൽ ഇറക്കിവെക്കുന്നവർ യഥാർത്ഥത്തിൽ ഒരു വിശ്വാസ പ്രഖ്യാപനം തന്നെയാണ് നടത്തുന്നത്. ശയ്യാവലംബിയായ ഒരാളെ കിടക്കയോടുകൂടി എടുത്തുകൊണ്ടു വരിക എന്നത് വളരെ ക്ലേശകരമായ ഒരു കാര്യമാണ്. എന്നാൽ അവർ അതിനു തയ്യാറായി. അപ്പോഴും പ്രതിബന്ധങ്ങൾ തീരുന്നില്ല. "പുരുഷാരം ഹേതുവായി അവനെ അകത്തുകൊണ്ടു ചെല്ലുവാൻ വഴി കാണാഞ്ഞിട്ടു പുരമേൽ കയറി ഓടുനീക്കി അവനെ കിടക്കയോടെ നടുവിൽ യേശുവിന്റെ മുമ്പിൽ ഇറക്കിവെച്ചു" (ലൂക്കോസ് 5:19). പ്രതിസന്ധികളുടെ മധ്യത്തിൽ പിന്മാറിപ്പോകാതെ, പുരമേൽ കയറുകയും, ഓടു നീക്കുകയും കിടക്കയോടെ പുരുഷാരനടുവിൽ യേശുവിന്റെ അടുക്കൽ ഇറക്കിവെക്കുകയും ചെയ്യുക എന്നീ ക്ലേശങ്ങൾ കൂടി പക്ഷവാതക്കരനുവേണ്ടി ഏറ്റെടുക്കുവാൻ അവർ തയ്യാറായത് രണ്ടു കാര്യങ്ങൾ കൊണ്ടാണ്. 1) തങ്ങൾ എത്ര കഷ്ടപ്പെട്ടിട്ടാണെങ്കിൽ കൂടി പക്ഷവാതക്കാരനു സൗഖ്യം ലഭിക്കണം എന്ന തീവ്രമായ ആഗ്രഹം. 2) യേശുവിന്റെ

അടുക്കൽ പക്ഷവാതക്കാരനെ കൊണ്ടുവന്നാൽ യേശു അവനെ സൗഖ്യമാക്കും എന്ന ഉറച്ച വിശ്വാസം. അപരനോടുള്ള കരുതലും സ്നേഹവും പ്രഖ്യാപിക്കുന്നതോടൊപ്പം യേശുവിലുള്ള ആഴമേറിയ വിശ്വാസവും ഒരേസമയം അവർ വ്യക്തമാക്കുകയാണ്. അവരുടെ പ്രവൃത്തി ശരിയായ മധ്യസ്ഥ പ്രാർത്ഥനയാണ്. ഇതാണ് ശരിയായ നോമ്പാചരണം. ഇന്ന് ലോകരാഷ്ട്രീയ-മത മണ്ഡലങ്ങളിൽ മറ്റുള്ളവരുടെ ജീവനെ നശിപ്പിക്കുന്നതിലൂടെയാണ് തങ്ങളുടെ മതവിശ്വാസം തീവ്രമാക്കേണ്ടതെന്നു കരുതുന്ന മത തീവ്രവാദികളുടെ എണ്ണം പെരുകുകയാണ്. മറ്റുള്ളവരുടെ ജീവനെ നശിപ്പിക്കുന്നതല്ല, അപരന്റെ ജീവനെ യഥാസ്ഥാനപ്പെടുത്തുന്ന വിശ്വാസമാണ് ശരിയായ വിശ്വാസമെന്ന് ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു. ഭീഷണികളുടെ മധ്യത്തിലും പ്രതിസന്ധികളുടെ മധ്യത്തിലും നമ്മുടെ വിശ്വാസത്തെ ശുശ്രൂഷയിലൂടെ പ്രഖ്യാപിക്കുപ്പോഴാണ് നാം യഥാർത്ഥത്തിൽ കർത്താവിന്റെ സാക്ഷികളാകുന്നത്. അഖിലലോക പ്രാർത്ഥനാദിനമായിട്ടാണ് മാർച്ച് 7 വെള്ളി നാം ആചരിക്കുന്നത്. പ്രാർത്ഥനയിലും ധ്യാനത്തിലും ജാഗരിക്കുവാൻ നമുക്ക് ഈ നാളുകളിൽ കൂടുതലായി കഴിയണം. ഭൂതബാധിതയായ തന്റെ മകൾക്കു വേണ്ടി, അവളുടെ സൗഖ്യത്തിനുവേണ്ടി യേശുവിന്റെ അടുക്കൽ വന്ന് യാചിക്കുമ്പോൾ യേശു അവളുടെ മകൾക്കു സൗഖ്യം നൽകുന്നു. നിരന്തരവും ആത്മാർത്ഥവുമായ പ്രാർത്ഥനയുടെ സദ്ഫലമാണ് ആ കുട്ടിയുടെ സൗഖ്യം. ഇന്നത്തെ പുതിയ തലമുറയ്ക്കും സൗഖ്യം ഏറെ ആവശ്യമായിട്ടാണിരിക്കുന്നത്. കാരണം പലതരത്തിലുള്ള അശുദ്ധാത്മാക്കൾ ഇന്നു കുട്ടികളെ ബാധിച്ചിരിക്കുകയാണ്. മദ്യവും മയക്കുമരുന്നും മറ്റു ലഹരിപദാർത്ഥങ്ങളും മാത്രമല്ല പുതിയ സാങ്കേതികവിദ്യയുടെ ഉൽപന്നങ്ങൾ വരെ അവരെ ബാധിച്ചിരിക്കുകയാണ്. വീണ്ടുവിചാരമില്ലാതെ തെറ്റിൽ നിന്നും തെറ്റിലേക്കു അവർ പോകുകയാണ്. അവർക്കുവേണ്ടി കരഞ്ഞുപ്രാർത്ഥിക്കുവാനും നേരായ പാതയിൽക്കൂടി അവരെ നടത്തുവാനും അവർക്ക് മാതൃകയായിരിപ്പാനും മാതാപിതാക്കൾ ഏറെ ജാഗരിക്കേണ്ടിയിരിക്കുന്നു. കൂനിയായ സ്ത്രീയെ കർത്താവു സൗഖ്യമാക്കിയ സംഭവമാണ് മാർച്ച് 15-ാം തീയതി ഞായറാഴ്ച ചിന്തിക്കുന്നതിനായി സഭ നിശ്ചയിച്ചിരിക്കുന്നത്. കൂനിയായ സ്ത്രീ കൂനിയായിരുന്നപ്പോൾ അവളെ ശ്രദ്ധിക്കാതെ അവഗണിച്ചിരുന്ന പള്ളിപ്രമാണിയും കൂട്ടരും കർത്താവു അവളെ സൗഖ്യമാക്കിയപ്പോൾ 'ശബത്താചരണത്തിന്റെ പേരിൽ ഒരു വലിയ വിവാദം അവിടെ സൃഷ്ടിക്കുകയാണ്. ഇന്നു നമ്മുടെ നാട്ടിലും വിവാദങ്ങൾക്കു വല്ല കുറവുണ്ടോ? ഒരു നല്ല കാര്യവും ചെയ്യാത്ത പലരുമാണ് ആരെങ്കിലും എന്തെങ്കിലും ഒരു നല്ല കാര്യം ചെയ്താൽ എന്തെങ്കിലുമൊരു കാര്യം പറഞ്ഞ് വിവാദങ്ങൾ അഴിച്ചുവിടുന്നത്'. എന്നാൽ അത്തരം വിവാദങ്ങളൊന്നും യേശുവിനെ തന്റെ ദൗത്യത്തിൽ നിന്നും പിന്തിരിപ്പിച്ചില്ല എന്നു നാം പ്രത്യേകം ഓർക്കണം. അതിന്റെ വ്യക്തമായ തെളിവുകൾ തുടർന്നുള്ള വേദഭാഗങ്ങളിലും നമുക്കു കാണാം. യേശുവിന്റെ യെരുശലേമിലേക്കുള്ള യാത്രയിൽ യെരിഹോവിനു അടുത്തപ്പോൾ "യേശുവേ, ദാവീദുപുത്രാ എന്നോടു കരുണ തോന്നേണമേ എന്ന നിലവിളിച്ച കുരുടന് യേശു കാഴ്ച കൊടുക്കുന്ന ഭാഗമാണ് മാർച്ച് 22-ാം തീയതി ഞായറാഴ്ച നാം ധ്യാനിക്കുന്നത്. കാഴ്ച പ്രാപിക്കേണ്ടതിനായുള്ള അവന്റെ നിലവിളി ശല്യമായിക്കണ്ട പുരുഷാരം മിണ്ടാതിരിപ്പാനാണ് അവനെ ശാസിച്ചത്. എന്നാൽ അവിടെയും പുരുഷാരത്തിന്റെ താൽപര്യത്തെ മാനിക്കുകയല്ല, അവന്റെ ആവശ്യത്തെ അംഗീകരിക്കുകയാണു കർത്താവു ചെയ്തത്. കാഴ്ച പ്രാപിച്ച് അവൻ യേശുവിനെ അനുഗമിച്ചു. ഇന്നും സൗഖ്യം പ്രാപിക്കുന്ന പലരുമുണ്ട്. എന്നാൽ യേശുവിനെ കുരിശിന്റെ വഴികളിൽ അനുഗമിപ്പാൻ നാം തയ്യാറായിരിക്കുന്നുവോ? നാൽപതാം വെള്ളിയാഴ്ച കർത്താവ് അഭിമുഖീകരിച്ചതായ 3 പരീക്ഷകളെക്കുറിച്ചാണ് പ്രധാനമായും ചിന്തിക്കുന്നത്. ഒന്നാമത്തെ പരീക്ഷ സ്വന്തം ഉദരപൂരണത്തിനായി ദൈവിക കൃപകളെ ഉപയോഗിക്കുന്നതിനായുള്ള പരീക്ഷയാണത്. ലോകത്തിന്റെ മുൻപിൽ ദൈവികമായ പ്രതിഛായയുടെ മറവിൽ മറ്റുള്ളവരുടെ വൈകാരിക ഭാവങ്ങളെ തൃപ്തിപ്പെടുത്തി അവരുടെ ശ്രദ്ധ പിടിച്ചുപറ്റാനുള്ള ശ്രമത്തിനായുള്ള പരീക്ഷയാണ് രണ്ടാമത്തേത്. മൂന്നാമതായി, ലക്ഷ്യത്തിനു അനുയോജ്യമല്ലാത്ത മാർഗ്ഗങ്ങളിലൂടെ ലക്ഷ്യം കൈവരിക്കാനുള്ള പ്രലോഭനമാണ്. എന്നാൽ ദൈവവചനത്തിന്റെ ശക്തിയിലും വെളിച്ചത്തിലുമാണ് കർത്താവ് ഈ പരീക്ഷകളെ അതിജീവിച്ചത് എന്നു നാം മനസ്സിലാക്കണം. കുരിശിന്റെ വഴിയാണ് ശരിയായ മാനവികതയുടെ വീണ്ടെടുപ്പിന്റെ വഴി. ആ വഴിയാണ് യേശു തിരഞ്ഞെടുത്തത്. ആ വഴിയിലൂടെയാണ് നമുക്കും സഞ്ചരിക്കേണ്ടത്. തുടർന്ന് യേശുവിന്റെ യെരുശലേമിലേക്കുള്ള പ്രവേശനത്തെയാണ് നാം ധ്യാനിക്കുന്നത്. എല്ലാത്തിനും അധികാരിയായവൻ വിനയാന്വിതനായി കഴുതപ്പുറത്തു കയറിവരുന്നു എന്ന ചിന്തയോടൊപ്പം കർത്താവു നമുക്ക് തുടർന്നു കാട്ടിത്തന്ന 2 ശുശ്രൂഷാമേഖലകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. അന്ത്യ അത്താഴവേളയിൽ പാത്രത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ കാൽ കഴുകി തോർത്തുകൊണ്ട് തുടയ്ക്കുന്ന ആ മാതൃക ശ്രദ്ധേയമാണ് (Ministry of basin and towel) ശുശ്രൂഷിക്കാനുള്ള ഈ വരമാണ് ദൈവം നമുക്കു നൽകിയിരിക്കുന്നത്.

2. വിശുദ്ധ കുർബ്ബാനയുടെ സ്ഥാപനം. നാലുകാര്യങ്ങൾ പ്രത്യേകമായി ഓർമ്മപ്പെടുത്തട്ടെ. (1) യേശു അപ്പം എടുത്തു (2) വാഴ്ത്തി (3) നുറുക്കി (4) കൊടുത്തു. ഈ നാല് അനുഭവങ്ങൾ വ്യക്തിജീവിതത്തിൽ, കുടുംബജീവിതത്തിൽ, സഭാ ജീവിതത്തിൽ, സാമൂഹ്യ ജീവിതത്തിൽ അന്വർത്ഥമായിത്തീരണം. ദൈവത്തിന്റെ കരങ്ങളാൽ എടുക്കപ്പെടുവാനും വാഴ്ത്തപ്പെടുവാനും ലോകത്താൽ നുറുക്കപ്പെടുവാനും ദൈവത്താൽ ശേഖരിക്കപ്പെട്ട് വിതരണം ചെയ്യപ്പെടുവാനും ഇടയാകണമെങ്കിൽ ദൈവത്തിന്റെ കരങ്ങളിലേക്ക് നമ്മെ സമർപ്പിക്കുവാൻ നാം തയ്യാറാകണം. അതാണ് കുരിശിന്റെ വഴി. അതുതന്നെയാണ് ഉയിർപ്പിന്റെ വഴിയും. നോമ്പു നാളുകളിലെ നമ്മുടെ പ്രാർത്ഥനയും ധ്യാനവും ഉയിർപ്പിന്റെ യാഥാർത്ഥ്യത്തിലേക്കും അനുഭവങ്ങളിലേക്കും നമ്മെ നയിക്കട്ടെ.

കൃപ നിങ്ങളേവരോടുംകൂടെയിരിക്കട്ടെ

പുലാത്തീൻ,
23-02-2015

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**